## വേദനകൾ നിറയുന്ന വിശ്രമജീവിതം

ഇന്ത്യയെപ്പോലെ മികച്ച സാംസ്കാരിക ചരിത്രമുള്ള ഒരു രാജ്യത്ത് ഈ അടുത്തകാലം വരെ പ്രായമായവർക്ക് ഉയർന്ന സ്ഥാനവും പരിഗണനയും ബഹുമാനവും കരുതലും നൽകിവന്ന ഒരു പാരമ്പര്യമാണുള്ളത്. പുരാണകഥകളിൽ പോലും ഇതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് കാണാനാവും. രാജ്യസദസ്സുകളിൽ വൃദ്ധരായ സന്യാസികൾക്കും രാജഗുരുവിനുമെല്ലാം രാജാവിനേക്കാൾ ഉന്നതമായ സ്ഥാനം നൽകിയിരുന്നതായി ഇതിഹാസങ്ങളും മറ്റും സാക്ഷ്യപ്പെടുത്തുന്നു. 'മാതാ പിതാ ഗുരു ദൈവം' എന്ന പഴമൊഴിയും മുതിർന്നവരെ ദൈവതുല്യരായി കാണണമെന്നാണ് ഉദ്ബോധിപ്പിക്കുന്നത്. എന്നാൽ യാഥാർത്ഥ്യം ഇതിൽനിന്നെല്ലാം വളരെ അകലെയാണ്. നമ്മുടെ രാജ്യത്തെ വയോധികരിൽ ചെറുതല്ലാത്ത ഒരു വിഭാഗം ഏറിയും കുറഞ്ഞും പലവിധത്തിലുള്ള പീഢനങ്ങളും അനുഭവിക്കുന്നുണ്ട് എന്നതാണ് സത്യം. വീടുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഇവർ മാനസികവും ശാരീരികവുമായി പീഢനങ്ങൾക്ക് ഇരയാവുന്നുണ്ടെന്ന് ദിനംപ്രതിയുള്ള വാർത്തകൾ ശ്രദ്ധിച്ചാൽ തന്നെ മനസ്സിലാവും. എന്നാൽ നിർഭാഗ്യവശാൽ ഈ വിഷയം ഇനിയും നമ്മുടെ പൊതുസമൂഹം വേണ്ടത്ര ചർച്ചചെയ്യുകയോ, ഇത്തരം സംഭവങ്ങൾ രാജ്യത്ത് കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുകയോ ചെയ്യുന്നില്ല.

അവഗണന മുതൽ ശാരീരികമായ ആക്രമണങ്ങൾക്ക് വരെ മുതിർന്ന പൗരന്മാർ വിധേയരാവുന്നുണ്ടെങ്കിലും അവയെല്ലാം പരാതികളായി പുറത്തുവരാറില്ല എന്നതാണ് വാസ്തവം. സാമ്പത്തികമായ ചൂഷണത്തിന് വിധേയരാവുന്നവരും വൈകാരികമായ പീഢനങ്ങൾക്ക് ഇരയാവുന്നവരും ഇക്കൂട്ടത്തിൽ കുറവല്ല. അതേസമയം അഭിമാനവും കുടുംബത്തിന്റെ അന്തസ്സും തകരുമെന്ന ഭയംമൂലം ഇത്തരം സംഭവങ്ങൾ ഭൂരിപക്ഷവും പുറത്തേക്ക് പറയാറില്ല.

### ഞെട്ടിക്കുന്ന കണക്കുകൾ

ലോകാരോഗ്യ സംഘടന (WHO) യുടെ കണക്കുകൾ അനുസരിച്ച് ആഗോളതലത്തിൽ പ്രായമായവരിൽ ആറിൽ ഒരാൾ വീതമെങ്കിലും എതെങ്കിലും തരത്തിലുള്ള പീഢനങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു എന്നതാണ്. അതേസമയം മുതിർന്നവരോടുള്ള സ്നേഹബഹുമാനങ്ങൾ പാരമ്പര്യത്തിൽ അലിഞ്ഞുചേർന്ന നമ്മുടെ നാട്ടിൽ സ്ഥിതി കുറേക്കൂടി ഗൗരവമേറിയതാണ്. കഴിഞ്ഞ 40 വർഷമായി ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'ഹെൽപ്പ് ഏജ് ഇന്ത്യ' (HelpAge India) എന്ന സന്നദ്ധ സംഘടന നടത്തിയ സർവെയിൽ ഞെട്ടിക്കുന്ന കണക്കുകളാണുള്ളത്. ഇവരുടെ സർവ്വെയിൽ പങ്കെടുത്ത 50 ശതമാനം വയോധികരും തങ്ങൾ എതെങ്കിലും തരത്തിലുള്ള പീഢനങ്ങൾ അനുഭവിക്കുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്.

### പീഢനങ്ങൾ പലവിധം

ഇന്ത്യയെപ്പോലൊരു രാജ്യത്ത് മുതിർന്ന വ്യക്തികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പലവിധത്തിലുള്ളതാണ്. അതിൽ ഏറ്റവും പ്രധാനമയത് വൈകാരികമായ പീഢനങ്ങളാണ്. വാർദ്ധക്യത്തിൽ സംരക്ഷിക്കേണ്ട മക്കൾ അടക്കമുള്ള കുടുംബാംഗങ്ങളിൽ നിന്നും ബന്ധുക്കൾ,

അയൽക്കാർ, സമൂഹത്തിൽ ഇവർ ഇടപെടുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ, ഒറ്റപ്പെടുത്തൽ, അവഗണന തുടങ്ങിയ മാനസികമായി വേദനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പെരുമാറ്റങ്ങൾ ഇവർ പലപ്പോഴായി അനുഭവിക്കേണ്ടിവരുന്നുണ്ട്.

പ്രായമാകുന്നതോടെ സ്വഭാവികമായി പ്രത്യക്ഷപ്പെടുന്ന അവശതകൾക്ക് പുറമെ ഇക്കൂട്ടർ വിവിധതരത്തിലുള്ള ശാരീരികമായ പീഢനങ്ങൾക്കും വിധേയരാവുന്നുണ്ട്. മോശമായ കുടുംബാന്തരീക്ഷത്തിൽ കഴിയുന്നവരാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നേരിടുന്നവരിൽ അധികവും. മർദ്ദനം, മുറിവേൽപ്പിക്കൽ, പട്ടിണിക്കിടൽ, പൊള്ളലേൽപ്പിക്കൽ, വീടിന് പുറത്താക്കൽ, വഴിയിൽ ഉപേക്ഷിക്കൽ തുടങ്ങി പലതരത്തിലുള്ള പീഢനങ്ങൾ നമ്മുടെ നാട്ടിൽ കുറവല്ല. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വൈദ്യസഹായം എന്നിവ നിഷേധിക്കുന്നതും ശാരീരികമായ പീഢനങ്ങൾതന്നെയാണ്. പ്രശസ്തമായ ചില ആരധാനായങ്ങളുടെ പരിസരങ്ങളിൽ ഇത്തരത്തിൽ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട നിരവധി വയോധികരെ കാണാവുന്നതാണ്.

താഴെക്കിടയിലുള്ള കുടുംബങ്ങളെ അപേക്ഷിച്ച് സാമ്പത്തികമായി ഉയർന്ന സാഹചര്യത്തിൽ ജീവിക്കേണ്ടിവരുന്ന വയോധികർ അനുഭവിക്കേണ്ടിവരുന്ന മറ്റൊരു പീഢനമാണ് സാമ്പത്തികമായ ചൂഷണം. സ്വത്ത്, ബാങ്ക് ഡിപ്പോസിറ്റ് തുടങ്ങിവയുടെ രേഖകളിൽ ബലംപ്രയോഗിച്ചോ, പലവിധ സമ്മർദ്ദങ്ങൾ ഉപയോഗിച്ചോ ഒപ്പ് വെപ്പിക്കൽ, ആഭരണങ്ങളും മറ്റും പിടിച്ചുവാങ്ങൽ, കുടുംബ സ്വത്തിൽ നിന്നുള്ള ആദായങ്ങൾ നിഷേധിക്കൽ എന്നിവയെല്ലാം സാമ്പത്തിക ചുഷണത്തിന്റെ പീഢനത്തിന്റെയും പരിധിയിൽ വരുന്നതാണ്.

**നിരവധി കാരണങ്ങൾ**

മുൻകാലങ്ങളെ അപേക്ഷിച്ച് പ്രായമേറിയവർ അനുഭവിക്കേണ്ടിവരുന്ന ഇത്തരം പ്രതിസന്ധികൾക്ക് കാരണം അടുത്തകാലത്തായി മാറിവരുന്ന കുടുംബഘടനകൾ തന്നെയാണ്. പരമ്പരാഗതമായി പിന്തുടർന്നുവന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതിയെ ഇല്ലാതാക്കി പുതിയതായി രൂപംകൊണ്ട അണുകുടുംബ അന്തരീക്ഷമാണ് പ്രധാനപ്പെട്ട ഒരു കാരണം. ഇത്തരം അണുകുടുംബങ്ങളിൽ പ്രായമായ വ്യക്തികൾ ഒറ്റപ്പെടുകയും ദുർബലരാക്കപ്പെടുകയും ചെയ്യുന്നതായി സമൂഹത്തെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാവും. പലപ്പോഴും സാമ്പത്തികമായ ആവശ്യങ്ങൾക്ക് മക്കളെയോ ബന്ധുക്കളെയോ ആശ്രയിക്കുന്ന പ്രായമായ മാതാപിതാക്കൾ ഇത്തരത്തിലുള്ള അവഗണനയോ അപമാനമോ നേരിടേണ്ടി വന്നേക്കാം.

രാജ്യത്തെ പ്രായമേറിയവരുടെ പ്രശ്നങ്ങളെ പരിഹരിക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളും സന്നദ്ധസംഘടനകളും ദുർബലമായ പ്രവർത്തനങ്ങളാണ് കാഴ്ചപ്പെക്കുന്നത്. സമൂഹത്തിൽ നിന്നുള്ള പിന്തുണയുടെ കുറവ്, കുറഞ്ഞ സാമ്പത്തിക ലഭ്യത, കുടുംബങ്ങൾക്കുള്ളിലേക്ക് ഇടപെടാനുള്ള പരിമിതികൾ എന്നിവയെല്ലാം ഇത്തരം ഏജൻസികളും സംഘടനകളും നേരിടുന്ന പ്രശ്നങ്ങളാണ്. വയോജനങ്ങൾക്കുള്ള ഹെൽപ്പ് ലൈനുകളും സംരക്ഷണ കേന്ദ്രങ്ങളും ആനുപാതികമായി നമ്മുടെ നാട്ടിൽ വളരെ കുറവാണ് എന്നത് കാണാതിരുന്നുകൂട.

അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ പ്രായമേറിയവർ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ വലിയതോതിലുള്ള വെല്ലുവിളികളാണ് നേരിടുന്നുത്. ഇതിൽ

പ്രാധനപ്പെട്ട ഒന്നാണ് ഇത്തരം പീഢനങ്ങളെക്കുറിച്ച് ആരും പരാതിപ്പെടാതിരിക്കുന്ന കുടുംബ-സാമൂഹികഘടന. മറ്റുള്ളവരിൽ നിന്നുള്ള പ്രതികാരനടപടികളുണ്ടാവുമോ എന്ന ഭയം, കുടുംബത്തിന്റെ അന്തസ്സ് നഷ്ടപ്പെടുമോ എന്ന ആശങ്ക, ദുരഭിമാനം, വയോജനങ്ങൾക്ക് അവകാശപ്പെട്ട നിയമസംരക്ഷണങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, നിയമത്തിലെ പഴുതുകൾ, നിയമങ്ങൾ നടപ്പിലാക്കേണ്ട സംവിധാനങ്ങൾ സ്വാധീനങ്ങൾക്കും അഴിമതിക്കും വഴിപ്പെടൽ തുടങ്ങി നിരവധി പ്രതിസന്ധികളാണ് മുതിർന്നവരുടെ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗത്തിൽ നേരിടേണ്ടിവരിക. വാർദ്ധക്യത്തോടുള്ള സാമൂഹിക മനോഭാവംതന്നെയാണ് ഇതിനെല്ലാം അടിസ്ഥാനം.

**കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യം**

പ്രായമായവർ അനുഭവിക്കേണ്ടിവരുന്ന പിഢനങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കണമെങ്കിൽ സർക്കാറും സമൂഹവും ചേർന്നുള്ള പലവിധത്തിലുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇതിൽ ഏറ്റവും ആദ്യം ചെയ്യേണ്ടത് വ്യാപകമായ ബോധവത്കരണമാണ്. മുതിർന്നവരുടെ അവകാശങ്ങളെക്കുറിച്ച് ആ വിഭാഗത്തിൽപ്പെട്ടവർക്കും അത് നിഷേധിക്കുന്നവർക്കുള്ള ശിക്ഷകളെയും മറ്റുമുള്ള കാര്യങ്ങളെകുറിച്ച് സമൂഹത്തിന് മൊത്തത്തിലും ഫലപ്രദമായ ബോധവത്കരണം ആവശ്യമാണ്. ഇതിന് പുറമെ പ്രായമേറിയവർക്ക് നൽകേണ്ട സംരക്ഷം, ബഹുമാനം, സ്നേഹം എന്നിവയെക്കുറിച്ച് മൂല്യങ്ങളിൽ അധിഷ്ഠിതമായ ബോധവത്കരണവും ആവശ്യമുണ്ട്. മതസംഘടനകൾക്കും റസിഡൻസ് അസോസിയേഷനുകൾക്കും ഇക്കാര്യത്തിൽ കാര്യമായ പങ്ക് വഹിക്കാൻ കഴിയും.

വീട്ടിലും സമൂഹത്തിലുമുള്ള വയോധികരോട് സഹാനുഭൂതിയും പരസ്പര ബഹുമാനവും വളർത്തുന്നതിന് തലമുറകൾക്കിടയിൽ ധാരണയും ആശയവിനിമയവും വളർത്തുന്നതിന്റെ ഭാഗമായി സ്കൂൾതലം മുതലുള്ള പാഠ്യഭാഗങ്ങളിൽ ഇത്തരം മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വിഷയങ്ങൾ ഉൾപ്പെടുത്തുകയും വേണം.

കൂടാതെ വയോജനങ്ങൾക്കുള്ള സംരക്ഷം ഉറപ്പാക്കുന്ന നിയമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പ്രായമായവരുടെ അവകാശങ്ങളും സംരക്ഷണവും പ്രത്യേകമായി സംരക്ഷിക്കുന്ന സമഗ്രമായ നിയമനിർമ്മാണവും ആവശ്യമാണ്.

ഇതിന് പുറമെ പീഢനങ്ങൾക്കിരയാവുന്ന മുതിർന്ന പൗരന്മാർക്കുള്ള പിന്തുണാ സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിക്കണം. ഇരകൾക്ക് ആവശ്യമായ പിന്തുണയും നിയമസഹായവും പുനരധിവാസവും നൽകുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾ മുഖേന നടപ്പിലാക്കണം.

സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഘടകങ്ങളിൽ വേരൂന്നിയ ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ, പൊതു സമൂഹം, സന്നദ്ധ സംഘടനകൾ, മതസംഘടനകൾ തുടങ്ങിയവയുടെ യോജിച്ച ശ്രമങ്ങൾ ആവശ്യമാണ് ഇത്തരം കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ വാർദ്ധക്യത്തെ ബഹുമാനിക്കുന്ന ഒരു സമൂഹത്തെ നമുക്ക് സൃഷ്ടിക്കാൻ കഴിയൂ.